കൊല്ലം ജില്ലയിലെ എൽ. പി./യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

181 (2908) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം ജില്ലയിൽ എൽ. പി./യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്ന് ആരെയും ഇതുവരെ നിയമിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

10-12-2002-ൽ നിലവിൽ വന്ന എൽ. പി./യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും 94 പേരെ ഇതുവരെ നിയമിച്ചിട്ടുള്ളതായി കൊല്ലം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

എച്ച്. എസ് .എ. (നാച്ചുറൽ സയൻസ്) തിരുവനന്തപുരം ജില്ലയിലെ റാങ്ക് ലിസ്റ്റ്

182 (2909) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്.എസ് .എ. (നാച്ചുറൽ സയൻസ്) തിരുവനന്തപുരം ജില്ലയിലെ റാങ്ക് ലിസ്റ്റ് എന്ന് നിലവിൽ വന്നെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാർ സ്കൂളുകളിൽ പ്രസ്തുത വിഷയത്തിന് എത്ര പേർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുവെന്നും ഇപ്പോൾ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) നിലവിലുള്ള മുഴുവൻ ഒഴിവുകളിലും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) നാച്ചുറൽ സയൻസിന്റെ നിലവിലുള്ള ഒഴിവുകളിൽ മറ്റ് സബ്ജക്ടുകാരെ നില നിർത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരെ അതാത് സബ്ജക്ടിലേക്കുള്ള ഒഴിവുകളിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) നാച്ചുറൽ സയൻസിൽ വർക്ക് ചെയ്തിരുന്ന എത്ര എച്ച്.എസ്.എ. മാർക്ക് ഹയർ സെക്കണ്ടറി സ്കൂളുകളിലേക്ക് ഇതിനകം പ്രൊമോഷൻ കൊടുത്തിട്ടുണ്ട് ; ആ ഒഴിവുകളിൽ പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ജി) പ്രൊട്ടക്ഷനിൽ നിൽക്കുന്ന നാച്ചുറൽ സയൻസ് അദ്ധ്യാപകരെ പേരന്റ് സ്കൂളുകളിലേക്ക് അയയ്ക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) നിലവിൽ വന്ന എച്ച്.എസ് .എ. നാച്ചുറൽ സയൻസ് ഒഴിവിൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാതെ എത്ര പേർക്ക് ആശ്രിത നിയമ പ്രകാരം നിയമനം കൊടുത്തതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത വിഭാഗത്തിൽ നിയമനം നടത്തിയിട്ടില്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 22-6-2000-ൽ.

(ബി) 25 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) താൽക്കാലികാടിസ്ഥാനത്തിൽ 10 പേർ ജോലി ചെയ്യുന്നു. 10 ഒഴിവുകൾ നിലവിലുണ്ട്.

(ഡി) കോട്ട അനുസരിച്ചുള്ള ഒഴിവുകൾ നികത്തുന്നതിന് നിയമാനുസൃത നടപടകൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) 3 പേർക്ക് പ്രൊമോഷൻ കൊടുത്തിട്ടുണ്ട്. 2003-04-ലെ പ്രൊമോഷൻ ലിസ്റ്റ് ലഭിച്ചിട്ടില്ല. അത് ലഭിച്ചാൽ മാത്രമേ ഉണ്ടാകുന്ന ഒഴിവുകളുടെ 50 ശതമാനം പി.എസ്.സി. വഴി നികത്താൻ നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ കഴിയൂ.

(ജി) മാതൃസ്ഥാപനത്തിൽ ഒഴിവ് വരുന്ന മുറയ്ക്ക് മാത്രമേ പ്രൊട്ടക്ഷനിൽ നിൽക്കുന്ന അദ്ധ്യാപകരെ തിരിച്ചയയ്ക്കാൻ കഴിയൂ.

(എച്ച്) 3 പേർക്ക് ആശ്രിത നിയമനം നൽകിയിട്ടുണ്ട്.

പുതിയ പോസ്റ്റ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് വൈകുന്നതിന്റെ കാരണം

183 (2911) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ ജില്ലയിലെ പാലപ്പെട്ടി എ.എം.എൽ.പി. സ്കൂളിൽ 2001-02 അദ്ധ്യയന വർഷത്തിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപികയും 2002-03-ൽ സ്ഥിരം തസ്തികയിലായ ശ്രീമതി പി.എസ്. ഷീബയുടെ പുതിയ പോസ്റ്റ് അനുവദിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവ് നൽകാൻ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

പാലപ്പെട്ടി എ.എം.എൽ.പി. സ്കൂൾ മലപ്പുറം ജില്ലയിലെ പൊന്നാനി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന സ്കൂളാണ്. 2001-02 വർഷം എ.എം.എൽ.പി. സ്കൂൾ പാലപ്പെട്ടിയിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപിക ആയിരുന്ന ശ്രീമതി ഷീബ. പി. എസ്.-നെ 2002-03 വർഷം 1:45 പ്രകാരം തന്നെ

LIBRARY ARCHIVES Kerala Legislative Assembly